**പതിനാലാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 179** **03.10.2016 ൽ മറുപടിയ്ക്ക്**

**കടലാസ് രഹിത ഫയൽ മാനേജ്മെന്റ് സിസ്റ്റം**

| | ചോദ്യം<br>ശ്രീ.ഷാഫി പറമ്പിൽ<br>ശ്രീ.എ.പി. അനിൽ കുമാർ<br>ശ്രീ.റോജി എം. ജോൺ<br>ശ്രീ.അൻവർ സാദത്ത് | | മറുപടി<br>ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി ) |
|---|---|---|---|
| (എ) | സർക്കാർ ഓഫീസുകളിൽ കടലാസ് രഹിത ഫയൽ മാനേജ്മെന്റ് സിസ്റ്റം നടപ്പാക്കിയിട്ടുണ്ടോ; | (എ) യും (ബി) യും | ഉണ്ട്. ഗവൺമെന്റ് സെക്രട്ടേറിയേറ്റ്, നിയമസഭാ സെക്രട്ടേറിയേറ്റ്, 6 ജില്ല കളക്ടറേറ്റുകൾ, 12 ഡയറക്ടറേറ്റുകൾ, 2 സബ് കളക്ടറേറ്റുകൾ തുടങ്ങി 36-ഓളം ഓഫീസുകളിൽ കടലാസ് രഹിത ഫയൽ മാനേജ്മെന്റ് സിസ്റ്റം നടപ്പിലാക്കിയിട്ടുണ്ട് (കടലാസ് രഹിത ഫയൽ മാനേജ്മെന്റ് സിസ്റ്റം നടപ്പാക്കിയ ഓഫീസുകളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു). കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള നാഷണൽ ഇൻഫർമാറ്റിക്സ് സെന്റർ (എൻ.ഐ.സി) മുഖേന ഇ-ഓഫീസ്, കേരള സർക്കാരിനു കീഴിലുള്ള കെൽട്രോൺ മുഖേന ഡി.ഡി.എഫ്.എസ്./ ഐആപ്സ് എന്നീ ഫയൽ മാനേജ്മെന്റ് ആപ്ലിക്കേഷനുകളാണ് ഇതിനായി ഉപയോഗിച്ചിരിക്കുന്നത്. |
| (ബി) | ഏതെല്ലാം ഓഫീസുകളിലാണ് ഈ സംവിധാനം ഒരുക്കിയിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | | |
| (സി) | എന്തെല്ലാം ഗുണങ്ങളാണ് ഈ സംവിധാനം വഴി ലഭ്യമാകുന്നത്; | (സി) | ഫയൽ പരിശോധിച്ച് നടപടി സ്വീകരിക്കുന്നതിനുള്ള സമയദൈർഘ്യം കുറയ്ക്കുന്നതിനും അതു വഴി പൊതുജനങ്ങൾക്ക് പരമാവധി വേഗത്തിൽ സുതാര്യമായി സർക്കാർ സേവനങ്ങൾ ലഭ്യമാക്കുകയും ചെയ്യുക എന്ന ഉദ്ദേശ്യത്തോടെയാണ് കടലാസ് രഹിത സംവിധാനം നടപ്പിലാക്കി വരുന്നത്. പ്രസ്തുത സംവിധാനത്തിന്റെ ഗുണങ്ങൾ ചുവടെ ചേർക്കുന്നു.<br>1. സുതാര്യമായും കാര്യക്ഷമമായും ഫയൽ തീർപ്പുകൽപ്പിക്കുവാൻ സാധിക്കുന്നു.<br>2. ഫയൽ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥന്റെ ഉത്തരവാദിത്തം ഉറപ്പുവരുത്തുവാൻ കഴിയുന്നു.<br>3. മേലുദ്യോഗസ്ഥൻമാരുടെ മേൽനോട്ട |

| | | | |
|---|---|---|---|
| | | | ച്ചുമതലാ നിർവഹണം എളുപ്പമാകുന്നു<br>4. ഒരു ഫയൽ നിലവിൽ ഏത് ഉദ്യോഗസ്ഥന്റെ കൈവശമാണെന്ന വിവരം പൊതുജനങ്ങൾക്ക് ഓൺ ലൈനായി ലഭിക്കുന്നു.<br>5. ഫയൽ തീർപ്പ കൽപ്പിക്കുന്നതിനുള്ള സമയ ദൈർഘ്യം കുറയുന്നു.<br>6. ഒരു ഉദ്യോഗസ്ഥന്റെ അഭാവത്തിൽ മേലുദ്യോഗസ്ഥനു ഫയൽ നടപടി പൂർത്തിയാക്കുവാൻ സാധിക്കുന്നു.<br>7. ഫയലുകൾ കൈമാറ്റം ചെയ്യുന്നതിനുള്ള സമയം പൂർണ്ണമായും ഒഴിവാക്കുവാൻ സാധിക്കുന്നു.<br>8. റിക്കോർഡുകൾ സൂക്ഷിക്കുന്നതിനും ആവശ്യാനുസരണം പരിശോധിക്കുവാനുമുള്ള സൗകര്യം ആയാസരഹിതമാകുന്നു.<br>9. സ്റ്റേഷനറി, പ്രിന്റർ തുടങ്ങിയ ഇനത്തിൽ ചെലവു കുറയുന്നു.<br>10. ഫയലിലെ തീരുമാനങ്ങൾ കാലതാമസമില്ലാതെ ജനങ്ങളെ അറിയിക്കാനുള്ള സൗകര്യമൊരുങ്ങുന്നു.<br>11. ഉദ്യോഗസ്ഥർക്ക് ഏത് സമയത്തും ഫയൽ പരിശോധിക്കുവാൻ സാധിക്കുന്നു<br>12. ശുചിത്വ പൂർണ്ണമായ ആധുനിക സർക്കാർ ഓഫീസുകൾ സാധ്യമാകുന്നു.<br>13. ഫയൽ കാണാതാവുകയോ നഷ്ടപ്പെടുകയോ ചെയ്യുന്ന അവസ്ഥ ഒഴിവാക്കുവാൻ സാധിക്കുന്നു.<br>14. തീർപ്പാക്കിയ ഇ-ഫയലുകൾ സൂക്ഷിക്കുന്നതിന് ഭൗതികമായി സ്ഥലം റിക്കാർഡ്സ് സെക്ഷനിൽ ആവശ്യമായി വരുന്നില്ല. |
| (ഡി) | എല്ലാ സർക്കാർ ഓഫീസുകളിലും ഈ സിസ്റ്റം പ്രാബല്യത്തിലാക്കുവാൻ നടപടി സ്വീകരിക്കുമോ? | (ഡി) | ജില്ലാ തലം വരെയുള്ള എല്ലാ ഓഫീസുകളിലും ഘട്ടം ഘട്ടമായി കടലാസ് രഹിത ഫയൽ മാനേജ്മെന്റ് സംവിധാനം നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

## കടലാസ് രഹിത ഫയൽ മാനേജ്മെന്റ് സംവിധാനം നടപ്പിലാക്കിയ ഓഫീസുകൾ

| ക്രമ നമ്പർ | ഓഫീസിന്റെ പേര് | നടപ്പിലാക്കിയ സോഫ്റ്റ് വെയറിന്റെ പേര് |
|---|---|---|
| 1 | ഗവ. സെക്രട്ടറിയേറ്റ്<br>പൊതുഭരണം, ധനവകുപ്പ്<br>നിയമ വകുപ്പ് | <br>ഇ-ഓഫീസ്<br>ഇ-ഓഫീസ്/ലിംസ് |
| 2 | നിയമസഭ സെക്രേട്ടറിയറ്റ് | ഇ-ഓഫീസ് |
| 3 | എക്സൈസ് കമ്മീഷണറേറ്റ് | ഇ-ഓഫീസ് |
| 4 | ഗ്രാമ വകസന കമ്മീഷണറുടെ കാര്യാലയം | ഇ-ഓഫീസ് |
| 5 | ഗതാഗത കമ്മീഷണറുടെ കാര്യാലയം | ഇ-ഓഫീസ് |
| 6 | പോലീസ് മേധാവിയുടെ കാര്യാലയം | ഐആപ്പ്സ് |
| 7 | വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ | ഇ-ഓഫീസ് |
| 8 | സംസ്ഥാന ഓഡിറ്റ് വകുപ്പ്.. | ഇ-ഓഫീസ് |
| 9 | ലോട്ടറീസ് ഡയറക്ടറുടെ കാര്യാലയം | ഇ-ഓഫീസ് |
| 10 | മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറുടെ കാര്യാലയം | ഇ-ഓഫീസ് |
| 11 | സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം | ഡി.ഡി.എഫ്.എസ് |
| 12 | ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം | ഡി.ഡി.എഫ്.എസ് |
| 13 | ടൂറിസം ഡയറക്ടറുടെ കാര്യാലയം | ഡി.ഡി.എഫ്.എസ് |
| 14 | കൊമേഴ്സ്യൽ ടാക്സസ് കമ്മീഷണറുടെ കാര്യാലയം | ഇ-ഓഫീസ് |
| 15 | കേരളാ വാട്ടർ അതോറിട്ടി | ഡി.ഡി.എഫ്.എസ് |
| 16 | കേരള സംസ്ഥാന ഐ.ടി. മിഷൻ | ഇ-ഓഫീസ് |
| 17 | കാലിക്കറ്റ് യൂണിവേഴ്സിറ്റി | ഡി.ഡി.എഫ്.എസ് |
| 18 | എ.പി.ജെ അബ്ദുൾകലാം ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി | ഡി.ഡി.എഫ്.എസ് |
| 19 | റീജിയണൽ കാൻസർ സെന്റർ | ഇ-ഓഫീസ് |
| 20 | ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ ബയോമെഡിക്കൽ റിസർച്ച് ആൻഡ് സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ | ഡി.ഡി.എഫ്.എസ് |
| 21 | ഇ ഹെൽത്ത് പ്രോജക്ട് കാര്യാലയം | ഇ-ഓഫീസ് |
| 22 | കേരളാ ലോക്കൽ ഗവൺമെന്റ് സർവീസസ് ഡെലിവറി പ്രോജക്ട് | ഡി.ഡി.എഫ്.എസ് |

| | | |
|---|---|---|
| 23 | കേരളാ സസ്റ്റൈനബിൾ അർബൻ ഡവലപ്മെന്റ് പ്രോജക്ട് | ഡി.ഡി.എഫ്.എസ് |
| 24 | കേരളാ സ്റ്റേറ്റ് ഹയർ എഡ്യൂക്കേഷൻ കൗൺസിൽ | ഡി.ഡി.എഫ്.എസ് |
| 25 | കേരളാ മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ലിമിറ്റഡ് | ഡി.ഡി.എഫ്.എസ് |
| 26 | കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് | ഡി.ഡി.എഫ്.എസ് |
| 27 | നാഷണൽ ഗെയിംസ് സെക്രട്ടേറിയറ്റ് | ഡി.ഡി.എഫ്.എസ് |
| 28 | അക്ഷയ ഓഫീസ് | ഡി.ഡി.എഫ്.എസ് |
| 29 | കണ്ണൂർ കളക്ടറേറ്റ് | ഇ-ഓഫീസ് |
| 30 | വയനാട് കളക്ടറേറ്റ് | ഇ-ഓഫീസ് |
| 31 | കോട്ടയം കളക്ടറേറ്റ് | ഇ-ഓഫീസ് |
| 32 | മലപ്പുറം കളക്ടറേറ്റ് | ഇ-ഓഫീസ് |
| 33 | പത്തനംതിട്ട കളക്ടറേറ്റ് | ഇ-ഓഫീസ് |
| 34 | എറണാകുളം കളക്ടറേറ്റ് | ഇ-ഓഫീസ് |
| 35 | തലശ്ശേരി സബ് കളക്ടറേറ്റ് | ഇ-ഓഫീസ് |
| 36 | മാനന്തവാടി സബ് കളക്ടറേറ്റ് | ഇ-ഓഫീസ് |